ഉത്തരം

(എ-ഡി) തീരദേശ മലയോര ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി സമഗ്ര ദുരന്ത ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന്റെ വിവിധ വശങ്ങൾ പരിശോധിച്ചുവരുന്നു.

ദുരന്തനിവാരണ അതോറിറ്റി

144 (7113) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരന്ത നിവാരണ അതോറിറ്റിയുടെകീഴിൽ ദുരന്തനിവാരണ സംവിധാനം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം വകുപ്പുകളാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ദുരന്തനിവാരണ അതോറിറ്റിയുടെകീഴിൽ ശാസ്ത്ര സാങ്കേതിക പഠന സ്ഥാപനമായ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെയും ഐ.എൽ.ഡി.എം.-ന്റെയും സഹകരണത്തോടുകൂടി സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ പ്രകൃതി ദുരന്തങ്ങളെ കുറിച്ചുള്ള സമഗ്രമായ ഗവേഷണ പഠന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനമുള്ള ശാസ്ത്ര വിഭാഗമായ പ്രസ്തുത കേന്ദ്രം 24 മണിക്കൂറും സുസജ്ജമായ നിരീക്ഷണ പരിരക്ഷണ സംവിധാനമാണ് വിഭാവനം ചെയ്യുന്നത്.

(ബി) 24 മണിക്കൂറും പ്രവർത്തനസജ്ജമായ ഒരു കേന്ദ്ര നിരീക്ഷണ സംവിധാനത്തോടുകൂടി വിഭാവനം ചെയ്തിരിക്കുന്ന് സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (എസ്.ഇ.ഒ.സി.) സംസ്ഥാനത്ത് കാണപ്പെടുന്ന വിവിധങ്ങളായിട്ടുള്ള ദുരന്തങ്ങളെ സമഗ്രമായി പഠന വിധേയമാക്കുകയും അവയെ പ്രതിരോധിക്കുന്നതിനും നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്. അതിനുവേണ്ടി സ്വയം നിയന്ത്രിതങ്ങളായ വിവിധ തരത്തിലുള്ള ഉപകരണങ്ങളായ വെതർസ്റ്റേഷൻ ഡിസ്ചാർജ് ഗേജ്,

LIBRARY ARCHIVES Kerala Legislative Assembly

ഭൂകമ്പമാപിനികൾ എന്നിവയെല്ലാം സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവുമായി ബന്ധിപ്പിക്കുകയും ദുരന്തങ്ങളുടെ മുൻകൂട്ടിയുള്ള പ്രവചനം സാദ്ധ്യമാക്കുകയും ചെയ്യുന്നു. ജില്ലകളിലുള്ള ദുരന്ത നിവാരണ സംവിധാനത്തിലുള്ള നിർദ്ദേശങ്ങൾ നൽകുന്നത് പ്രസ്തുത സ്ഥാപനത്തിൽ നിന്നായിരിക്കും. തന്മൂലം കേന്ദ്രീകൃതമായ ഒരു ദുരന്തനിവാരണ പ്രവർത്തനശൈലിയും പ്രസ്തുത കേന്ദ്രം വിഭാവനം ചെയ്യുന്നുണ്ട്.

(സി) റവന്യൂ ദുരന്തനിവാരണ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുമായി ആഭ്യന്തരം, ആരോഗ്യം, ശാസ്ത്ര സാങ്കേതികം, അഗ്നിശമന സേനാവിഭാഗം, കൃഷി, തദ്ദേശസ്വയംഭരണം, വ്യവസായം, മൃഗസംരക്ഷണം, ജലവിഭവം, പൊതുമരാമത്ത്, വനം, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് എന്നീ വകുപ്പുകളാണ് സഹകരിക്കുന്നത്. ഈ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നത് റവന്യൂ ദുരന്തനിവാരണ വകുപ്പും അതിന്റെകീഴിലുള്ള സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവുമാണ്.

(ഡി) ദുരന്തനിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരം സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനായി 7.68 കോടിരൂപ ചെലവ് കണക്കാക്കുന്ന ഒരു കെട്ടിട സമുച്ചയം (2921 sqm) കൺട്രോൾ റൂമും അനുബന്ധ സജ്ജീകരണങ്ങളുമുൾപ്പെടെ എല്ലാ സജ്ജീകരണങ്ങളോടുകൂടി നിർമ്മിക്കുന്നതിനുള്ള ശുപാർശ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിക്കുന്നു.

സുനാമി പുനരധിവാസ ഫണ്ട് വകമാറ്റം

145 (7114) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ ഫണ്ട് വകമാറ്റി ചെലവഴിച്ചതിനെതിരെ ശ്രീ. സ്റ്റീഫൻ സമർപ്പിച്ച കേസിലെ (ഒ.പി.നമ്പർ 9813/2010) വിധി നടപ്പിലാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) 28-3-2012-ലെ കോടതിവിധി നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സമയബന്ധിതമായി വിധി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) കോടതിവിധിയിൽ പറഞ്ഞ പ്രകാരം വകമാറ്റി ചെലവഴിച്ച തുക തിരികെ സുനാമിബാധിത പ്രദേശങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ചെലവഴിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly